**ME 801**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2020

## MALAYALAM

First Language - Paper I

Time : 1½ Hours — Total Score : **40**

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ **15** മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**Score**

**1** മുതൽ **5** വരെ ചോദ്യങ്ങളിൽ **4** എണ്ണത്തിന് ഉത്തരമെഴുതുക. **4x1=4**

**1.** മനുഷ്യനെക്കൊണ്ടു പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോടുകൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചുനോക്കി. ഴാങ് വാൽ ഴാങ്ങിന്റെ ഈ ഭാവവിശേഷത്തിന്റെ കാരണമെന്ത്?

- കളവ് കണ്ടുപിടിക്കപ്പെട്ടതിനാൽ
- പോലീസുകാരിൽ നിന്ന് നീതി കിട്ടില്ലെന്നതിനാൽ
- മെത്രാന്റെ വാക്കുകൾ അവിശ്വസനീയമായി തോന്നിയതിനാൽ
- മോഷണക്കുറ്റത്തിന് ജയിലിൽ അടയ്ക്കപ്പെടും എന്നതിനാൽ

**2.** "ഇന്നു ഞാൻ സർവ പാഞ്ചാലരേയും, വാസുദേവൻ കാണെത്തന്നെ <u>കാലനൂർ പുകിക്കും</u>" അടിവരയിട്ട പ്രയോഗത്തിന്റെ അർഥമെന്ത്?

- നാട്ടിൽനിന്ന് ഓടിക്കും
- പരലോകത്തേക്ക് അയക്കും
- സമൂഹഭ്രഷ്ടനാക്കും
- മാനഹാനിവരുത്തും

**3.** പ്രൗഢവനിത എന്ന പദത്തിന്റെ വിഗ്രഹാർഥം ഏത്?

- പ്രൗഢയാകുന്ന വനിത
- പ്രൗഢയും വനിതയും
- പ്രൗഢയായ വനിത
- പ്രൗഢിയുടെ വനിത

P.T.O.

Score

4. "ഇന്നലെ വെറും ജഡ-

ശിലയായിരുന്നതിൽ

നിന്നു നീ 'കരുണ' തൻ

ഭാവഗാനത്തെ തൊട്ടു-

തൊട്ടുണർത്തവേ"

കവി കരുണതൻ ഭാവഗാനം എന്നു വിശേഷിപ്പിക്കുന്നതെന്തിനെ?

- ശില്പിയുടെ ദിവ്യസംഗീതത്തെ
- ശില്പിയുടെ കരവിരുതിനെ
- പിയത്ത എന്ന ശില്പത്തെ
- കവിതയുടെ ഗാനാത്മകതയെ

5. ചുവടെ കൊടുത്തവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?

- വിട്ടയക്കുന്നു - വിട്ട, അയക്കുന്നു
- പടപ്പാളയം- പട, പാളയം
- എത്രയെത്ര- എത്ര, യെത്ര
- നേടിയതാണ് - നേടിയ, ആണ്

6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2x2=4

6. "അപ്പോൾ ഒന്നാമത്, ആ വെള്ളിസ്സാമാനങ്ങൾ നമ്മുടെയായിരുന്നുവോ?"

ഈ ചോദ്യത്തിലൂടെ മെത്രാൻ അർഥമാക്കുന്നതെന്ത്?

7. "അയാൾ പാണ്ഡവർക്കു ചൂഡാമണി കൊടുത്തു; <u>മനംകെട്ട്</u>, അവരെല്ലാം നോക്കി നിൽക്കെ കാടു കേറി".

അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്ന, അശ്വത്ഥാമാവിന്റെ മാനസികാവസ്ഥ കുറിക്കുക.

8. "ഈയിടെ ഒരു പരിചയക്കാരൻ കളിയാക്കി, വയ്യാവേലികൾ വലിച്ചു തലയിൽ വയ്ക്കുന്നത് നിങ്ങളുടെ ഒരു മനോരോഗമാണെന്ന്"

(ആത്മാവിന്റെ വെളിപാടുകൾ)

പരിചയക്കാരന്റെ മനോഭാവത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? രണ്ടു നിരീക്ഷണം കുറിക്കുക.

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം) Score 5x4=20

9. "ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു,
നിൽക്കുമോ യൗവനവും പുനരധ്രുവം?"

(എഴുത്തച്ഛൻ)

"രണ്ടു നാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ
മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ"

(പൂന്താനം)

രണ്ടു കാവ്യഭാഗങ്ങളിലെയും ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

10. "എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി"

(ഋതുയോഗം)

ശകുന്തള ഇങ്ങനെ പ്രതികരിക്കുന്നതെന്തുകൊണ്ട്?
പാഠസന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

11. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"

ഇത്തരം കാഴ്ചപ്പാട് സമകാലിക സമൂഹത്തിലും ദൃശ്യമാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

12. "പുഷ്കര! നീ പഴുതേ ജൻമം നിഷ്ഫലമാക്കരുതേ!"
"ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും"

(പ്രലോഭനം)

പുഷ്കരനെ പ്രലോഭിപ്പിക്കുന്നതിന് കലിയുടെ ഈ വാക്കുകൾ എത്രമാത്രം പര്യാപ്തമാണ്? വിലയിരുത്തി കുറിപ്പ് തയാറാക്കുക.

13. "ഘടികാരത്തിൽ നിന്ന് സമയം തുള്ളികളായി താഴേക്കിറ്റുന്ന ശബ്ദം വീണ്ടും ജൂലിയാനയുടെ കാതിൽ മുഴങ്ങാൻ തുടങ്ങി" !

"വൃദ്ധന്റെ കടക്കണ്ണിൽനിന്ന് ചോര പൊടിയുന്നതു കണ്ട ആ നിമിഷം, ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു"

മിറലിന്റെയും മറ്റു കുടുംബാംഗങ്ങളുടെയും സങ്കടങ്ങൾക്കപ്പുറം ജൂലിയാനയുടെ ദൈന്യതയും ഒറ്റപ്പെടലുമാണ് 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന കഥ ആവിഷ്കരിക്കുന്നത് - ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായക്കുറിപ്പ് തയാറാക്കുക.

Score

14. അനുഭവങ്ങൾ ഹൃദയസ്പർശിയായി ചിത്രീകരിക്കുന്നതിലൂടെ വായനക്കാരന്റെ മനസ്സിൽ പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ കഴിയും.

'ഞാൻ കഥാകാരനായ കഥ'യിൽ എസ്.കെ. പൊറ്റക്കാട്ട് അവതരിപ്പിക്കുന്ന അനുഭവങ്ങളുമായി ബന്ധിപ്പിച്ച് മുകളിൽ നൽകിയ പ്രസ്താവന വിലയിരുത്തുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക (ഒരു പുറം) 2x6=12

15. * "ദെയിവങ്ങളേ, തമ്പിരാക്കൻമാരേ"
* "എന്റെ ഉള്ള് പൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു"
* "യജമാനൻമാരേ, എന്റെ കൈയിൽ പണമില്ല"
* "വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു"

(കടൽത്തീരത്ത്)

നൽകിയിട്ടുള്ള സൂചനകളും മറ്റു കഥാസന്ദർഭങ്ങളും പരിഗണിച്ച് വെള്ളായിയപ്പനെക്കുറിച്ചുള്ള കഥാപാത്രനിരൂപണം തയാറാക്കുക.

16. - "ഒരു പഴയ ചാക്ക് തോളിലിട്ട് പാതയിലും പറമ്പിലുമൊക്കെ നടന്ന് പലതും പെറുക്കിക്കൂട്ടി വിറ്റു തുടങ്ങി".
- "ദിവസം മുഴുവനും അലഞ്ഞു നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക് " ?
- "സന്താമായി ഒരു 'മഹാർ' ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല"

തന്നിട്ടുള്ള സൂചനകൾ വിലയിരുത്തി 'അക്കർമാശിയിൽ തെളിയുന്ന സമൂഹം' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

17. ആസ്വാദനം തയാറാക്കുക.

കവിതയുടെ ആശയം, ആസ്വാദനാംശങ്ങൾ, കാലിക പ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക.

കാവ്യബിംബം

വിശക്കാത്തവന്റെ മുന്നിലെ അപ്പത്തിനേ
കാവ്യബിംബമാകാൻ കഴിയൂ
അയാൾക്കു മുന്നിൽ
പൂർണചന്ദ്രനായ് അപ്പം നിലാവു ചൊരിയും
ആലവട്ടമായ് വീശും

വിശക്കുന്നവൻ
കിട്ടിയപാടെ അതിനെ

Score

തിന്നുകയേയുള്ളൂ.

എങ്കിലും
അപ്പോഴത്തെ ആ കണ്ണിലെ തിളക്കം
നെടുവീർപ്പ്
ചിരി
ഒക്കെയും
അയാളെത്തന്നെ ഒരു കവിതയായി
തോന്നിച്ചുകൂടെന്നില്ല
അടുത്ത വിശപ്പുവരെ
ആ കവിത തുടർന്നേക്കും
എന്നു തോന്നുന്നു.

(വീരാൻകുട്ടി)

-oOo-